Draft #3 of File 82084/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 19-Sep-2023 03:37 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2023-'24 അധ്യയന വർഷം B.Ed പ്രോഗ്രാമിലേയ്ക്ക് പ്രവേശനം ലഭിച്ചിരിക്കുന്ന വിദ്യാർത്ഥികൾക്ക് ട്രാൻ സ്ഫർ സർ ട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനായി 30.09.2023 തീയതി വരെ സമയപരിധി നീട്ടി നൽകുന്നത് - സിന്റിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 9877/AC A 1/2023/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 19.09.2023

---

*പരാമർശം:*-1.സർവ്വകലാശാല ഉത്തരവ് നമ്പർ.7497/AC A1/2023/എം .ജി.യു തീയതി 11.07.2023.
2.11.09.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ .ഒ .എ 25 /23.06/82084/AC A1-2/2023.

**ഉത്തരവ്**

വിവിധ പ്രോഗ്രാമുകളുടെ അവസാന സെമസ്റ്റർ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) ലഭിക്കാനുണ്ടാകുന്ന കാലതാമസംമൂലം വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനപ്രക്രിയയിൽ പങ്കെടുക്കാൻ കഴിയാതെ വരുന്ന ബുദ്ധിമുട്ട് ചൂണ്ടിക്കാണിച്ചുകൊണ്ട്സർവ്വകലാശാല പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നത് വരെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) സമർപ്പിക്കുന്നതിന് സാവകാശം നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ബഹു കേരള ഹൈക്കോടതിൽ ശ്രീമതി. എൽസ മരിയ ജോർജ്ജ് ഫയൽ ചെയ്ത WP(C) No. 21609/2023 പെറ്റിഷൻ പ്രകാരം ആവശ്യപ്പെട്ടിരുന്നു.

പരാമർശം (1)ഉത്തരവ് പ്രകാരം, വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന്, D. El.Ed, B.Ed, P.G എന്നീ പ്രോഗ്രാമുകളുടെ അവസാന സെമസ്റ്റർ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് സർവ്വകലാശാലയുടെ പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നത് വരെ സാവകാശം നല്കിയിരുന്നു.

ടി വിദ്യാർത്ഥി അഡ്മിഷൻ തേടുന്ന B.Ed CAP 2023 പ്രവേശന നടപടികൾ, ഷെഡ്യൂൾ പ്രകാരം 07.09.2023 ന് അവസാനിക്കുന്നതാണ്. പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാത്ഥികൾ പ്രസ്തുത തീയതിയിൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) ഹാജരാക്കേണ്ടതാണ്. എന്നാൽ നിലവിൽ ടി വിദ്യാർത്ഥി പഠിക്കുന്ന പി.ജി പ്രോഗ്രാമിന്റെ പ്രാക്ടിക്കൽ / വൈവ തുടങ്ങിയ പരീക്ഷകൾ 23.09.2023 വരെ നീളുന്നതായി പരീക്ഷ വിഭാഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, പരാമർശം (2) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗം *2023-'24 അധ്യയന വർഷം B.Ed പ്രോഗ്രാമിലേയ്ക്ക്*

*പ്രവേശനം ലഭിച്ചിരിക്കുന്ന വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുള്ള സമയപരിധി 30.09.203 തീയതി വരെ നീട്ടി നൽകുന്നതിന് തീരുമാനിച്ചു .*

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ശ്രീമതി. എൽസ മരിയ ജോർജ്ജ്
2.അഫിലിയേറ്റഡ് ട്രെയിനിങ് കോളേജുകൾ
3.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
5.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
6.പി.ആർ.ഒ / ഫ്രണ്ട് ഓഫീസ്/ ഐ.ക്യൂ.എ.സി / ഐ.റ്റി.സെൽ / യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7.ACC1/ACC2/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്/ACB6
8.റെക്കോർഡ് സെക്ഷൻ /സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 82084/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 19-Sep-2023 03:37 PM - Page 2